**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 586** **17-09-2025-ൽ മറുപടിയ്ക്ക്**

**<u>ജി.എസ്.ടി. നിരക്ക് പരിഷ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ
ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ
ശ്രീ. എ. പ്രഭാകരൻ
ശ്രീ. എച്ച്. സലാം
ശ്രീ. കെ. വി. സുമേഷ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ജി. എസ്. ടി. നിരക്ക് പരിഷ്കരിക്കുമെന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനത്തിന് മുമ്പായി ഈ വിഷയം നികുതി നിർണ്ണയത്തിൽ പരമാധികാരമുള്ള ജി. എസ്. ടി. കൗൺസിലിൽ ചർച്ച ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ജി.എസ്.ടി. നിരക്കുകളുടെ ഏകീകരണം സംബന്ധിച്ച വിഷയം ജി.എസ്.ടി കൗൺസിലിന്റെ പരിഗണനയിൽ ഉണ്ടായിരുന്നതും, ഇത് കൂടുതൽ പഠന വിധേയമാക്കുന്നതിനായി ജി.എസ്.ടി. കൗൺസിൽ മന്ത്രിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി (Group of Ministers) 2021 September-ൽ രൂപീകരിക്കുകയുമുണ്ടായി. ഈ കമ്മിറ്റിയിൽ കേരളവും അംഗമാണ്. പ്രസ്തുത കമ്മിറ്റി 2024 ഡിസംബർ വരെ ആറോളം തവണ യോഗം കൂടുകയും നികുതി നിരക്കുകൾ ഏകീകരിക്കുന്നത് സംബന്ധിച്ച് പഠനങ്ങളും ചർച്ചകളും നടത്തുകയും ഒരു കരട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു.

2025 ഓഗസ്റ്റ് 15-ന് പ്രസ്തുത കമ്മിറ്റി മുമ്പാകെ കേന്ദ്രസർക്കാർ നികുതിപരിഷ്കരണത്തിനുള്ള ഒരു നിർദ്ദേശം സമർപ്പിക്കുകയും 2025 ഓഗസ്റ്റ് 20, 21 തീയതികളിൽ നിരക്കുകൾ ഏകീകരിക്കുന്നതിനുള്ള മന്ത്രിതല ഉപസമിതി യോഗം ഇത് ചർച്ച ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിൽ കേന്ദ്ര സർക്കാർ മുന്നോട്ടു വെച്ച നിരക്കുകൾ ഏകീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമിതി പരിഗണിക്കുകയും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിലുള്ള നികുതി പരിഷ്കാരത്തെ കേരളം ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളും അംഗീകരിക്കുകയും ചെയ്തിരുന്നു. 2025 സെപ്റ്റംബർ 3-ന് കൂടിയ 56-ാമത് ജി.എസ്.ടി. കൗൺസിൽ കേന്ദ്ര സർക്കാർ സമർപ്പിച്ച നിർദ്ദേശം അംഗീകരിക്കുകയും ചെയ്തു.

**(ബി)** ജി. എസ്. ടി. യിൽ തീരുമാനമെടുക്കാൻ ജനപ്രതിനിധിസഭകൾക്ക് പോലും അവകാശമില്ലെന്നിരിക്കെ ഏകപക്ഷീയമായി കേന്ദ്ര സർക്കാർ നടത്തിയിട്ടുള്ള ഈ പ്രഖ്യാപനം സംസ്ഥാനങ്ങളുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമായി കരുതുന്നുണ്ടോ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** ജി.എസ്.ടി. നിരക്കുകളുടെ ഏകീകരണം സംബന്ധിച്ച വിഷയം ജി.എസ്.ടി കൗൺസിലിന്റെ പരിഗണനയിൽ ഉണ്ടായിരുന്നതും, ഇത് കൂടുതൽ പഠന വിധേയമാക്കുന്നതിനായി ജി.എസ്.ടി. കൗൺസിൽ മന്ത്രിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി (Group of Ministers) 2021 September-ൽ രൂപീകരിക്കുകയുമുണ്ടായി. ഈ കമ്മിറ്റിയിൽ കേരളവും അംഗമാണ്. പ്രസ്തുത കമ്മിറ്റി 2024 ഡിസംബർ വരെ ആറോളം തവണ യോഗം കൂടുകയും നികുതി നിരക്കുകൾ ഏകീകരിക്കുന്നത് സംബന്ധിച്ച് പഠനങ്ങളും ചർച്ചകളും നടത്തുകയും ഒരു കരട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു.

2025 ഓഗസ്റ്റ് 15-ന് പ്രസ്തുത കമ്മിറ്റി മുമ്പാകെ കേന്ദ്രസർക്കാർ നികുതിപരിഷ്കരണത്തിനുള്ള ഒരു നിർദ്ദേശം സമർപ്പിക്കുകയും 2025 ഓഗസ്റ്റ് 20, 21 തീയതികളിൽ നിരക്കുകൾ ഏകീകരിക്കുന്നതിനുള്ള മന്ത്രിതല ഉപസമിതി യോഗം ഇത് ചർച്ച ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിൽ കേന്ദ്ര സർക്കാർ മുന്നോട്ടു വെച്ച നിരക്കുകൾ ഏകീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമിതി പരിഗണിക്കുകയും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിലുള്ള നികുതി പരിഷ്കാരത്തെ എല്ലാ സംസ്ഥാനങ്ങളും അംഗീകരിക്കുകയും ചെയ്തിരുന്നു. 2025 സെപ്റ്റംബർ 3-ന് കൂടിയ 56-ാമത് ജി.എസ്.ടി. കൗൺസിൽ രണ്ട് റിപ്പോർട്ടുകളും ചർച്ച ചെയ്യുകയും കേന്ദ്ര സർക്കാർ സമർപ്പിച്ച നിർദ്ദേശം അംഗീകരിക്കുകയും ചെയ്തു.

**(സി)** കേന്ദ്രവിഹിതം കുറയുന്നതിന്റെ കെടുതികൾ അനുഭവിക്കുന്ന സംസ്ഥാനമെന്ന നിലയിൽ ഈ തീരുമാനങ്ങൾ കേരളത്തെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>മറുപടി:</u>** ജി.എസ്.ടി. നിരക്കുകൾ പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി 56-ാമത് ജി.എസ്.ടി. കൗൺസിൽ എടുത്ത തീരുമാനം അനുസരിച്ച് നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. അത് പ്രകാരം നിലവിലെ 12%, 28% നിരക്കുകൾ 5%, 18% ത്തിലേക്ക് കൊണ്ടുവരികയും സിൻ ഗുഡ്സ് ആയ ടുബാക്കോ, സിഗരറ്റ്, പാൻമസാല എന്നിവയും ഉയർന്ന മൂല്യമുള്ള വാഹനങ്ങളും actionable claims എന്നിവ സ്പെഷ്യൽ റേറ്റ് ആയ 40% നിരക്കിൽ നിലനിർത്തുകയും ചെയ്തിട്ടുണ്ട്. ഉയർന്ന നിരക്കിൽ ഉൾപ്പെട്ടിട്ടുള്ള കമ്മോഡിറ്റികളുടെ ക്രയവിക്രയം കൂടുതലായി നടത്തപ്പെടുന്ന ഒരു ഉപഭോക്തൃ രീതിയാണ് കേരളത്തിൽ നിലവിൽ ഉള്ളത്. അതുകൊണ്ടുതന്നെ നിലവിലെ അവസ്ഥയിൽ വലിയ വിഭാഗം കമ്മോഡിറ്റികളുടെ നിരക്കുകൾ കുറച്ചതിന് ആനുപാതികമായ കുറവ് നികുതി വരുമാനത്തിലും പ്രതിഫലിക്കാൻ സാധ്യതയുണ്ട്. ജി.എസ്.ടി. സ്ലാബുകൾ രണ്ടായി കുറച്ചതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം എത്രയായിരിക്കുമെന്ന് കൃത്യമായി കണക്കാക്കുവാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**